# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2563**

**10/12/2014-ൽ മറുപടിക്ക്**

## എബോള രോഗം

ചോദ്യം

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

എ) ആഫ്രിക്കൻ രാജ്യങ്ങളിൽ കൂട്ടമരണങ്ങൾക്ക് ഇടയാക്കിയ എബോള വൈറസ് സംസ്ഥാനത്ത് എത്തിച്ചേരാനിടയുണ്ടെന്ന മാധ്യമ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

എ) പരിശോധിച്ചിട്ടുണ്ട്. എബോള വൈറസ് രോഗത്തെ സംബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുണ്ട്.

- രോഗം സ്ഥിരീകരിച്ചിട്ടുള്ള പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാരെ പരിശോധിയ്ക്കാനും നിരീക്ഷിക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- രോഗം സംശയിക്കുന്നവരെ നിരീക്ഷിക്കാനും ചികിൽസിയ്ക്കുന്നതിനും വേണ്ടി എയർപോർട്ട് കേന്ദ്രീകരിച്ചിട്ടുള്ള ആറ് ആശുപത്രികളിൽ പ്രാരംഭ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുകയും അവർക്ക് വേണ്ടുന്ന പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ബി) ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് സംസ്ഥാനത്തെ എയർപോർട്ടുകളിലെത്തുന്ന ആളുകളെ നിരീക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

ബി) രോഗം സ്ഥിരീകരിച്ചിട്ടുള്ള ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് സംസ്ഥാനത്തെ എയർപോർട്ടുകളിലെത്തുന്ന ആളുകളെ നിരീക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സി) ഏതൊക്കെ തരത്തിലുള്ള നിരീക്ഷണങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ;

സി) രോഗം സ്ഥിരീകരിച്ചിട്ടുള്ള പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാരെ രാജ്യാന്തര വിമാനത്താവളങ്ങളിലും, തുറമുഖങ്ങളിലും കർശനമായ പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്. ഇതിനുവേണ്ടി തെർമൽ സ്കാനറുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ

| | | |
|---|---|---|
| | | വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം യാത്രക്കാരുടെ വിവരങ്ങൾ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് കൈമാറുകയും ഇവരെ 30 ദിവസത്തെ നിരീക്ഷണത്തിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഇവരുടെ ദിവസേനയുള്ള നിരീക്ഷണ റിപ്പോർട്ടുകൾ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ക്രോഡീകരിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലേയ്ക്ക് അയയ്ക്കുന്നു. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുന്നുണ്ട്. |
| ഡി) സംസ്ഥാനത്തെത്തിയ ആർക്കെങ്കിലും ഇതിനകം എബോള രോഗം സ്ഥിരീകരിച്ചിട്ടുണ്ടോ? | ഡി) | ഇല്ല. സംസ്ഥാനത്തു നിന്നും രോഗം സംശയിച്ച രണ്ട് പേരുടെ രക്ത സാമ്പിളുകൾ ഡൽഹിയിൽ അയച്ച് പരിശോധിക്കുകയും ഫലം നെഗറ്റീവ് ആണെന്ന് കണ്ടെത്തുകയും ചെയ്തു. |

(signature)

**സെക്ഷൻ ഓഫീസർ**